## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2106** **11/03/2020 ൽ മറുപടിക്ക്**

## പനമ്പ്, നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും കായികവും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) ആവശ്യത്തിന് മുളയും ഈറയും കിട്ടാത്തതുമൂലം പനമ്പ്, നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ തൊഴിലെടുക്കുന്ന പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ സുലഭമായി ലഭ്യമാക്കുന്നതിനായി സർക്കാരിൽ നിന്നും അനുമതി ലഭിയ്ക്കുകയും ഈറ്റ വെട്ടി കോർപ്പറേഷന് കീഴിൽ ഉള്ള പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുമുണ്ട്. ഒരു കെട്ട് ഈറ്റ ഉൾക്കാടുകളിൽ നിന്നും വെട്ടിയെടുക്കുന്നതിന് ഏകദേശം 250 രൂപയോളം ചിലവ് വരുന്നുണ്ട്. എന്നാൽ ഇങ്ങനെ വെട്ടിയെടുക്കുന്ന ഈറ്റ ഒരു കെട്ട് 54 രൂപയ്ക്കാണ് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്. ഇങ്ങനെ ഏകദേശം 20 ലക്ഷത്തോളം രൂപ 1 മാസം നഷ്ടം സംഭവിയ്ക്കുന്നുണ്ട്. കോർപ്പറേഷന് ഇപ്പോഴുള്ള സാമ്പത്തിക പ്രതിസന്ധിമൂലം പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ സുലഭമായി ലഭ്യമാക്കുന്നതിന് സാധിയ്ക്കുന്നില്ല. |
| (ബി) സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ മുള വച്ചു പിടിപ്പിക്കുന്നതിന് കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ കേരള സംസ്ഥാന ബാംബൂ മിഷൻ വഴി 50 കോടി രൂപയുടെ പദ്ധതികൾ നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും അതിൽ 25.41 കോടി രൂപയുടെ 11 പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തരിശായ വിവിധ സ്ഥലങ്ങളിൽ മുളകൾ വച്ച് |

| | |
|---|---|
| | പിടിപ്പിക്കുന്നതാണ് അതിലൊരു പ്രോജക്ട്. വിവിധ ഇടങ്ങളിലായി 588 ഹെക്ടർ സ്ഥലത്ത് മുള വച്ച് പിടിപ്പിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. അതിൽ കണ്ണൂർ ആറളം ഫാം, മലപ്പുറം അലിഗഢ് യൂണിവേഴ്സിറ്റി, കാലിക്കറ്റ് മെഡിക്കൽ കോളേജ്, ട്രാവൻകൂർ സിമെന്റ്സ് എന്നിവിടങ്ങളിൽ മുള വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തി വരുന്നു. നാഷണൽ ബാംബൂ മിഷന്റെ വിഹിതവും കേരള സർക്കാരിന്റെ വിഹിതവും ലഭിക്കുന്ന മുറസ്ക്ക് പദ്ധതികൾ എല്ലാം നടപ്പിലാക്കുവാൻ കഴിയുന്നതാണ്. |
| (സി) പനമ്പ്, നെയ്ത്ത് തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകുന്നതിനാണ് നിലവിൽ കോർപ്പറേഷന് സാധിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മാസത്തിൽ ഏകദേശം 20 ദിവസത്തോളം തൊഴിൽ ലഭ്യമാക്കി വരുന്നുണ്ട്. ഈറ്റയുടെ ദൗർലഭ്യമുണ്ടാകുന്ന സമയങ്ങളിൽ മാത്രമാണ് ഇതിന് വ്യത്യാസം സംഭവിക്കുന്നത്. |
| (ഡി) കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഏകദേശം 80 കോടി രൂപ സഞ്ചിതനഷ്ടത്തിൽ പ്രവർത്തിച്ച് വരുന്നു. 250 രൂപ നിരക്കിലുള്ള ഈറ്റ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകുന്നതിലൂടെ ഏകദേശം 2.50 കോടി രൂപയോളം പ്രതിവർഷം നഷ്ടം സംഭവിക്കുന്നുണ്ട്. പ്രവർത്തനമൂലധനത്തിന്റെ കുറവും ഗവൺമെന്റിൽ നിന്നും ലഭിച്ച ലോൺ തിരിച്ചടവും അടക്കം ഏകദേശം 12 കോടി രൂപ അറ്റനഷ്ടവും പ്രതിവർഷം പ്രവർത്തന നഷ്ടം 2.50 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ